**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 298** **26-10-2021 - ൽ മറുപടിയ്ക്ക്**

**കന്നുകാലികളിൽ ഉണ്ടാകുന്ന രോഗബാധ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വാഴൂർ സോമൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീമതി സി. കെ. ആശ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കന്നുകാലികൾക്ക് ഉണ്ടാകുന്ന രോഗബാധ മൂലം കർഷകർക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കന്നുകാലികളിലെ രോഗബാധകൾക്ക് ശാസ്ത്രീയമായ പരിശോധന സംവിധാനങ്ങളും ചികിത്സാ സംവിധാനങ്ങളും ഏർപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | കുളമ്പുരോഗപ്രതിരോധ കുത്തിവയ്പ്പിനു മുമ്പും പിമ്പും സീറോ മോണിറ്ററിംഗ്, സീറോ സർവെയ്ലൻസ് നടപടികളിലൂടെ ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ SOP (Standard Operating Procedure) പ്രകാരം സീറം കളക്റ്റ് ചെയ്ത് സാമ്പിളുകൾ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസ് (SIAD), ൽ പരിശോധിക്കുന്നു. മൃഗങ്ങളെ ബാധിക്കുന്ന മറ്റു സാംക്രമിക രോഗങ്ങളുടെ സാമ്പിൾ പരിശോധന വകുപ്പിന്റെ കീഴിലുള്ള ജില്ലാ ലബോറട്ടറികൾ, SIAD എന്നിവിടങ്ങളിൽ പരിശോധിച്ച ശരിയായ ചികിൽത്സ മൃഗാശുപത്രികൾ വഴി നൽകുന്നു . |
| (സി) | ഒക്ടോബർ, നവംബർ മാസങ്ങളിൽ സംസ്ഥാനത്ത് കുളമ്പ് രോഗവ്യാപന സാധ്യതയുണ്ടെന്ന് ദേശീയ എപ്പിഡെമിയോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുന്നറിയിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ഡി) | ഉണ്ടെങ്കിൽ ഈ സാഹചര്യം പ്രതിരോധിക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ അറിയിക്കാമോ; | (ഡി) | National Animal Disease Control Project ന്റെ (NADCP) ഭാഗമായി 2021 ഒക്ടോബർ 6-ാം തീയതി മുതൽ നവംബർ 3-ാം തീയതി വരെ 21 പ്രവർത്തി ദിവസങ്ങളിൽ നീണ്ടുനിൽക്കുന്ന വാക്സിനേഷൻ പ്രോഗ്രാം തുടങ്ങി കഴിഞ്ഞു Foot and Mouth Disease Control Programme (FMDCP). |
| (ഇ) | ആറുമാസത്തെ ഇടവേളകളിൽ കർഷകരുടെ വീടുകളിൽ എത്തി കുളമ്പുരോഗ വാക്സിൻ നൽകുന്നത് കോവിഡ് പ്രതിസന്ധി മൂലം മുടങ്ങിയിട്ടുണ്ടോയെന്നും എങ്കിൽ ഇത് രോഗവ്യാപനത്തിന് ആക്കം കൂട്ടിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (ഇ) | കോവിഡ് പ്രതിസന്ധിമൂലം 6 മാസക്കാല ഇടവേളകളിൽ നടക്കേണ്ടിയിരുന്ന കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് മുടങ്ങിയിട്ടുണ്ട്. ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയോടനുബന്ധിച്ചുള്ള കുളമ്പുരോഗപ്രതിരോധ കുത്തിവയ്പ്പ് ആദ്യ |

| | | | |
|---|---|---|---|
| | വാക്സിനേഷൻ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | | ഘട്ടത്തിനുശേഷം 1 1/2 വർഷം കഴിഞ്ഞാണ് രണ്ടാം ഘട്ടം ആരംഭിച്ചിരിക്കുന്നത്. അത് രോഗവ്യാപനത്തിന് ആക്കം കൂട്ടിയിരുന്നു. രണ്ടാം ഘട്ട വാക്സിനേഷൻ 2021 ഒക്ടോബർ 6–ാം തീയതി മുതൽ 21 ദിവസത്തേക്ക് സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ആരംഭിച്ചു കഴിഞ്ഞു. വാക്സിനേഷനായി നിയോഗിക്കപ്പെട്ട വാക്സിനേറ്റർമാർ കോവിഡ് പ്രോട്ടോകോൾ പാലിച്ച് വീടുവീടാന്തരം കയറിയിറങ്ങി കർഷകരുടെ ഉരുക്കളെ രോഗപ്രതിരോധ കുത്തിവയ്പ്പിന് വിധേയമാക്കുന്നു. |

സെക്ഷൻ ഓഫീസർ